**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4376** **18-03-2025 - ൽ മറുപടിയ്ക്ക്**

**സൗജന്യ കാർഷിക വൈദ്യുതി കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കൃഷിക്ക് ആവശ്യമായ സൗജന്യ വൈദ്യുതി കണക്ഷനുകൾ പുതുതായി നൽകുന്നുണ്ടോ; വിശദമാക്കാമോ; | (എ) | വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതും, ടി സേവനങ്ങൾക്കായി ഉപഭോക്താവിൽ നിന്നും ഈടാക്കാവുന്ന തുക / വൈദ്യുതി ചാർജ്ജ് എന്നിവ നിശ്ചയിക്കുന്നതും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്. Supply Code റെഗുലേഷൻ 32, 37 പ്രകാരം ഏതു തരം വൈദ്യുത കണക്ഷനും, ആ കണക്ഷൻ നല്കുന്നതിലേക്കായി വേണ്ടി വരുന്ന ചെലവ് മുൻകൂറായി അടയ്ക്കണമെന്നും, ഇത്തരത്തിൽ ഏതെങ്കിലും വിഭാഗത്തിന് ചെലവ് വഹിക്കുന്നതിൽ നിന്നും ഒഴിവാക്കണമെങ്കിൽ ടി ചെലവ് സർക്കാർ മുൻകൂറായി ലൈസൻസിക്ക് നൽകേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. നിലവിൽ മറ്റെല്ലാ കണക്ഷനുകൾക്കും എന്ന പോലെ, കാർഷിക കണക്ഷനുകൾ നൽകുന്നതിനും എസ്റ്റിമേറ്റ് തുക (ECSC) മുൻകൂറായി അടച്ചതിന് ശേഷം മാത്രമാണ് ലൈൻ വലിക്കുന്ന പ്രവൃത്തികളും മറ്റും പൂർത്തീകരിച്ച് കണക്ഷൻ നൽകാറുള്ളത്.<br><br>അപേക്ഷയോടൊപ്പം രണ്ട് രേഖകൾ (ഉടമസ്ഥാവകാശം തെളിയിക്കുന്നതും മറ്റൊന്ന് തിരിച്ചറിയൽ രേഖയും) ഹാജരാക്കി വൈദ്യുതി ആവശ്യകത പരിശോധിച്ച് അപേക്ഷകർക്ക് കാർഷിക കണക്ഷനുകൾ നൽകുവാൻ കെ.എസ്.ഇ.ബി.എൽ. അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇത്തരം കണക്ഷനുകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; വിശദമാക്കാമോ? | (ബി) | വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതും, ടി സേവനങ്ങൾക്കായി |

| | | | |
|---|---|---|---|
| | | | ഉപഭോക്താവിൽ നിന്നും ഈടാക്കാവുന്ന തുക / വൈദ്യുതി ചാർജ്ജ് എന്നിവ നിശ്ചയിക്കുന്നതും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ആണ്. Supply Code റെഗുലേഷൻ 32, 37 പ്രകാരം ഏതു തരം വൈദ്യുത കണക്ഷനും, ആ കണക്ഷൻ നല്കുന്നതിലേക്കായി വേണ്ടി വരുന്ന ചെലവ് മുൻകൂറായി അടയ്ക്കണമെന്നും, ഇത്തരത്തിൽ ഏതെങ്കിലും വിഭാഗത്തിന് ചെലവ് വഹിക്കുന്നതിൽ നിന്നും ഒഴിവാക്കണമെങ്കിൽ ടി ചെലവ് സർക്കാർ മുൻകൂറായി ലൈസൻസിക്ക് നൽകേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. നിലവിൽ മറ്റെല്ലാ കണക്ഷനുകൾക്കും എന്ന പോലെ, കാർഷിക കണക്ഷനുകൾ നൽകുന്നതിനും എസ്റ്റിമേറ്റ് തുക (ECSC) മുൻകൂറായി അടച്ചതിന് ശേഷം മാത്രമാണ് ലൈൻ വലിക്കുന്ന പ്രവൃത്തികളും മറ്റും പൂർത്തീകരിച്ച് കണക്ഷൻ നൽകാറുള്ളത്.<br><br>അപേക്ഷയോടൊപ്പം രണ്ട് രേഖകൾ (ഉടമസ്ഥാവകാശം തെളിയിക്കുന്നതും മറ്റൊന്ന് തിരിച്ചറിയൽ രേഖയും) ഹാജരാക്കി വൈദ്യുതി ആവശ്യകത പരിശോധിച്ച് അപേക്ഷകർക്ക് കാർഷിക കണക്ഷനുകൾ നൽകുവാൻ കെ.എസ്.ഇ. ബി.എൽ. അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ